**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 525** **08-10-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകളിലെ ആഭ്യന്തര പരിശോധനാ വിഭാഗം കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ധനകാര്യ വകുപ്പ് ഉറപ്പ് വരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | **സർക്കാർ വകുപ്പുകളിൽ ആഭ്യന്തര പരിശോധനാ സംഘം രൂപീകരിക്കുവാനും, കാര്യക്ഷമമാക്കുവാനും, കൃത്യമായ ഇടവേളകളിൽ ആഭ്യന്തരപരിശോധന നടത്തുന്നതിലേയ്ക്കുമായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ട് - 10.08.2017 തീയതിയിലെ - 64/2017/ധന, 19.09.2019 –ലെ 79/2019/ധന – എന്നീ പരിപത്രങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, 20.04.2018 – ലെ 33/2018/ധന – നമ്പർ പരിപത്രപ്രകാരം വകുപ്പ് മേധാവി നിർദ്ദേശിക്കുന്ന വകുപ്പിലെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥൻ അദ്ധ്യക്ഷനായി, ഫിനാൻസ് ഓഫീസർ/ അക്കൗണ്ട്സ് ഓഫീസർ/ സീനിയർ സൂപ്രണ്ട്/ ജൂനിയർ സൂപ്രണ്ട് എന്നീ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി (എ.എം.സി) 31/06/2018 -ന് മുമ്പായി രൂപീകരിക്കുവാനും, 01.07.2018 മുതൽ ത്രൈമാസികമായി വകുപ്പിലെ ആഭ്യന്തര പരിശോധനാ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുവാൻ നിർദ്ദേശം നല്കിയിട്ടുള്ളതുമാണ്. ആയതിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നതിനു പുറമെ ഗുരുതര കണ്ടെത്തലുകൾ ഉള്ള ആഭ്യന്തര പരിശോധന റിപ്പോർട്ടിന്മേൽ ധനകാര്യ (ആഭ്യന്തര പരിശോധന) വകുപ്പിൽ നിന്ന് റിവ്യൂ ഓഡിറ്റും നടത്തി വരുന്നു.** |
| (ബി) | എല്ലാ വകുപ്പുകളും ആഭ്യന്തര പരിശോധനാ റിപ്പോർട്ട് ധനകാര്യ വകുപ്പിന് കൃത്യമായി ലഭ്യമാക്കാറുണ്ടോ; | (ബി) | **ഭൂരിഭാഗം വകുപ്പുകളിൽ നിന്നും ആഭ്യന്തര പരിശോധനാ റിപ്പോർട്ട് ധനകാര്യ (ഐ.എ.സി) വകുപ്പിൽ ലഭ്യമാക്കുന്നുണ്ട്. ലഭ്യമാക്കാത്ത വകുപ്പുകൾക്ക് കൃത്യമായ ഇടവേളകളിൽ ആഭ്യന്തര പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| (സി) | ധനകാര്യ വകുപ്പിന്റെ മാനദണ്ഡ പ്രകാരം ആഭ്യന്തര പരിശോധനയ്ക്ക് നേതൃത്വം നൽകേണ്ട ഫിനാൻസ് ഓഫീസർ ഏതൊക്കെ വകുപ്പിൽ ഇല്ലായെന്ന കാര്യം വ്യക്തമാക്കാമോ; | (സി) | **ധനകാര്യ വകുപ്പിന്റെ മാനദണ്ഡ പ്രകാരം ആഭ്യന്തര പരിശോധനയ്ക്ക് നേതൃത്വം നൽകേണ്ട ഫിനാൻസ് ഓഫീസർ തസ്തികകൾ ചുവടെ പറയുന്ന വകുപ്പ് അദ്ധ്യക്ഷന്മാരുടെ കാര്യാലയത്തിൽ നിലവിൽ ഇല്ല.**<br><br>**1. ആർക്കൈവ്സ് വകുപ്പ്**<br>**2. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ്**<br>**3. കയർ വികസന ഡയറക്ടറേറ്റ്**<br>**4. ഡ്രഗ്സ് കൺട്രോൾ വകുപ്പ്**<br>**5. ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പ്**<br>**6. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്**<br>**7. ഹൗസിംഗ് കമ്മീഷണറേറ്റ്**<br>**8. കൺസ്യൂമർ അഫയേഴ്സ് വകുപ്പ്**<br>**9. സയൻസ് ആന്റ് ടെക്നോളജി വകുപ്പ്**<br>**10.ട്രഷറി വകുപ്പ്** |
| (ഡി) | എങ്കിൽ പ്രസ്തുത വകുപ്പുകളിൽ ഫിനാൻസ് ഓഫീസറെ നിയമിച്ച് ആഭ്യന്തര പരിശോധന കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;? | (ഡി) | **പ്രസ്തുത വകുപ്പുകളിൽ ഫിനാൻസ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്ന പക്ഷം ആയതിലേക്ക് ധനകാര്യ വകുപ്പിൽ നിന്നും ആഭ്യന്തര പരിശോധന കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി നിയമനം നടത്തുന്നതായിരിക്കും.** |

സെക്ഷൻ ഓഫീസർ